പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 168**   11.06.2012 -ൽ മറുപടിയ്ക്ക്

## ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.സണ്ണി ജോസഫ് | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം സുതാര്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണുദ്ദേശിക്കുന്നത് ; | (എ) | 1. സംസ്ഥാനത്ത് നിലവിൽ സി.സി.ടി.വി. സംവിധാനം അമരവിള ചെക്ക്പോസ്റ്റിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതേ സംവിധാനം മറ്റു പ്രധാന ചെക്ക്പോസ്റ്റുകളിൽ സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.<br>2. അമരവിള ചെക്ക്പോസ്റ്റ് സംയോജിത ചെക്ക്പോസ്റ്റായി പരിവർത്തനം ചെയ്തു. ഈ വർഷം മഞ്ചേശ്വരം ചെക്ക് പോസ്റ്റ് സംയോജിത ചെക്ക്പോസ്റ്റ് ആക്കുവാൻ ഉദ്ദേശിക്കുന്നു. ആയതിലേക്കുള്ള നടപടികൾ പുരോഗതിയിലാണ്.<br>3. സംസ്ഥാനത്തെ ചെക്ക്പോസ്റ്റുകളിൽ ഇ-ഡിക്ലറേഷൻ, എസ്.എം.എസ്. അലർട്ട് എന്നീ സംവിധാനങ്ങൾ നടപ്പിലാക്കി. |
| (ബി) | ഇതിനായി ചെക്ക് പോസ്റ്റുകളിൽ വെബ് ക്യാമറ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | എങ്കിൽ ഇതു കൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാം, ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ? | (സി) | ചെക്ക്പോസ്റ്റ് പ്രവർത്തനം സുതാര്യവും കാര്യക്ഷമവും അഴിമതിരഹിതവും ആകുന്നതിന് സഹായകരമാണ്.<br>സംസ്ഥാനത്ത് ചെക്ക്പോസ്റ്റുകളിൽ ഇ-ഡിക്ലറേഷൻ, എസ്.എം.എസ്. അലർട്ട് എന്നീ സംവിധാനങ്ങൾ നടപ്പിലാക്കുകയും പ്രധാന ചെക്ക് പോസ്റ്റുകളിൽ സി.സി.റ്റി.വി സംവിധാനം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു.. |

സെക്ഷൻ ഓഫീസർ